# കേളകം വില്ലേജിലെ വളയംചാൽ പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്



31.07.2020 **ചെയർമാൻ**

**സാമൂഹ്യാഘാത പഠന യൂണിറ്റ്**
**(കയ്റോസ്, കണ്ണൂർ)**

# <u>കേളകം വില്ലേജിലെ വളയംചാൽ പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ – സാമൂഹ്യ ആഘാത പഠനം – അന്തിമ റിപ്പോർട്ട്</u>

കണ്ണൂർ ജില്ലയിൽ, ഇരിട്ടി താലൂക്കിൽ, കേളകം അംശം ദേശത്ത് ചീങ്കണ്ണി പുഴയ്ക്ക് കുറുകെ, വളയംചാൽ പാലം നിർമ്മാണത്തിന്, കേളകം ഭാഗത്തു സമീപന റോഡിനു വേണ്ടി, കണിച്ചാർ വളയംചാൽ റോഡിനും, പുഴക്ക് സമാന്തരമായി നിർമ്മിക്കപ്പെട്ട ആന മതിലിനുമിടയിലുള്ള സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുക്കുന്നതിന്റെ മുന്നോടിയായി, 2013 ലെ ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും , പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമത്തിൽ അനുശാസിക്കുന്ന രീതിയിൽ സാമൂഹ്യആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെട്ട കയ്റോസ് കണ്ണൂർ , ആവശ്യമായ പഠനം നടത്തി തയാറാക്കിയ അന്തിമ റിപ്പോർട്ട്.

## <u>ആമുഖം</u>

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കേളകം അംശം ദേശത്തു ചീങ്കണ്ണി പുഴക്ക് കുറുകെ നിലവിലുള്ള വളയംചാൽ തൂക്കുപാലത്തിനു അല്പം കിഴക്ക്മാറി ഒരു പുതിയ പാലം നിർമ്മിക്കുന്നതിന് ശ്രീ കളപ്പുരക്കൽ തോമസിന്റെ ഉടമസ്ഥതയിലുള്ള 20 സെന്റ് സ്ഥലമാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. ഇത് ആറളം വന്യമൃഗസംരക്ഷണ കേന്ദ്രത്തിന്റെ 9 )0 ബ്ലോക്കിലുള്ള പ്രവേശനകവാടത്തിനു ഏറെ അടുത്താണ്. ഓടംതോടു പാലത്തിൽനിന്നും 4 കിലോമീറ്റർ അകലത്തായി ഈ സ്ഥലം സ്ഥിതി ചെയ്യുന്നു. ആറളം ഫാം മേഖലയെയും കേളകം പഞ്ചായത്തിലെ വളയംചാലിനെയും പരസ്പരം ബന്ധിപ്പിക്കുന്നതിനാണ് ഈ പാലം നിർമ്മിക്കപ്പെടുന്നത്. പശ്ചിമഘട്ട മലനിരകളുടെ ഭാഗമായ, ഏകദേശം 55 ച. കി മീ വിസ്തൃതിയിലുള്ള വന്യജീവി സങ്കേതം പരിസ്ഥിതി പഠന സഞ്ചാരികൾക്കും, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും ഏറെ അനുയോജ്യമായ പ്രദേശമാണ്. ഈ വനമേഖല, കേരളത്തിൽത്തന്നെ ഏറെ ശാന്തമായ പ്രദേശമാണ്. മീൻമുട്ടി ജലപാതവും, അമ്പലപ്പാറ , പൊട്ടൻപ്ലാവ് എന്നീ പ്രദേശങ്ങളും സഞ്ചാരികൾക്കു ഏറെ പ്രിയങ്കരളാണ്. പ്രകൃതി



സഹവാസ ക്യാമ്പ് നടത്തുന്നതിന് ഏറെ അനുയോജ്യവുമാണ് ഈ വനമേഖല. കൂടാതെ ദക്ഷയാഗം നടന്നു എന്ന് വിശ്വസിക്കപെടുന്നതും ബാവലി പുഴയ്ക്ക് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നതുമായ അക്കര കൊട്ടിയൂരും , പുഴയുടെ പടിഞ്ഞാറു വശത്തായി സ്ഥിതി ചെയ്യുന്ന ഇക്കരെ കൊട്ടിയുരുമടങ്ങുന്ന കൊട്ടിയൂർ ശിവക്ഷേത്രം വടക്കേ മലബാറിലെ പ്രശസ്തമായ ഒന്നാണ്. ഇവിടുത്തെ രോഹിണി ആരാധന ഏറെ വിശേഷപെട്ടതുമാണ്. ഇവിടേയ്ക്ക് വരുന്ന ആയിരകണക്കിന് ഭക്തജനങ്ങൾക്കും ഏറെ ഉപകാരപ്പെടുന്ന ഒന്നായിരിക്കും ഈ പാലം. നിലവിൽ ഈ പുഴയുടെ ഇരു കരകളെയും ബന്ധിപ്പിക്കുന്നത് ഒരു തൂക്കുപാലമാണ്. മുൻപേ ഉണ്ടായിരുന്ന തൂക്കുപാലം മുൻവർഷത്തെ പ്രകൃതിക്ഷോഭത്തിൽ തകർന്നു പോയതിനെ തുടർന്നാണ് പുതിയ തൂക്കുപാലം നിർമ്മിച്ചിരിക്കുന്നത്. ആറളം പുനരധിവാസ മേഖലയിലെ മുന്നൂറിലധികം തൊഴിലാളികൾ മണത്തണ, കണിച്ചാർ, കേളകം കൊട്ടിയൂർ ഭാഗത്തേക്ക് ദിവസേന പോകുന്നത് ഈ തൂക്കുപാലത്തിലൂടെയാണ്.



അതുപോലെതന്നെ ആദിവാസി മേഖലയിലെ നൂറ്റിഅമ്പതോളം കുട്ടികൾ കണിച്ചാർ, മണത്തണ ഭാഗത്തേക്കുള്ള സ്കൂളിൽ പോയിവരുന്നതും ഇവിടുത്തെ തൂക്കുപാലത്തിലൂടെയാണ്. ആറളം മേഖലയിൽ പ്രവർത്തിച്ചു വരുന്ന ഹോമിയോ ആശുപത്രിയിലേക്ക് , വളയംചാൽ ഭാഗത്തുനിന്ന് പ്രതിദിനം നൂറോളം പേര് പോകുന്നതായി അറിയാൻകഴിഞ്ഞു. .സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വരുന്ന വിനോദസഞ്ചാരികൾക്ക് ഏറെ സൗകാര്യപ്രദമായിരിക്കും പുതിയ പാലം. 7.5 മീറ്റർ വീതിയിലുള്ള റോഡും ഇരു വശത്തും 1.5 മീറ്റർ വീതിയുള്ള നടപ്പാതയും കൂടാതെ 160 മീറ്റർ നീളമുള്ള സമീപന റോഡുകളുമടങ്ങുന്ന ഈ പദ്ധതി നിലവിൽ വന്നാൽ, ഈ പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് ഗതിവേഗം വർധിപ്പിക്കാനും തൂക്കുപാലത്തിലൂടെയുള്ള, ഞാണിന്മേൽ കളിപോലുള്ള, കുട്ടികൾക്ക് പ്രത്യേകിച്ചും ഏറെ അപകടസാധ്യതയുള്ള യാത്ര ഒഴിവാക്കാനും ഈ പുതിയ പാലം നിർമ്മാണത്തിലൂടെ സാധിക്കും. ഈ തൂക്കുപാലത്തിനു പുറമെ

ഇരുകരകളുമായി ബന്ധപ്പെടുത്തുവാൻ സാധിക്കുന്നത് ഇവിടെനിന്നു 7 കി മീ അകലെയുള്ള പാലപ്പുഴ പാലം 13 കി മീ അകലെയുള്ള കീഴ്പ്പള്ളി പാലം എന്നിവയിലൂടെയാണ്. ആറളം മേഖലയിൽ 3500 കുടുംബങ്ങൾക്കായി 3375 ഏക്കർ ഭൂമി പുനരധിവാസത്തിനായി നല്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഇവിടെ 1656 കുടുംബങ്ങളാണ് താമസിക്കുന്നത്. 60 കോടി രൂപയുടെ സമഗ്രവികസനമാണ് ആദിവാസിക്ഷേമത്തിനായി വിനിയോഗിക്കപ്പെടുന്നത്. കീഴ്പ്പള്ളി, പാലപ്പുഴ, വയനാട് മേഖലകളിലെ 400 കുടുംബങ്ങൾക്ക് ഭൂമി നല്കപ്പെട്ടിട്ടുണ്ടെങ്കിലും കേവലം 100 കുടുംബങ്ങൾ മാത്രമാണ് ഇതിൽ താമസിക്കുന്നത്. കാരണം യാത്രാപ്രയാസം തന്നെ. കൂടാതെ കേരളത്തിലെ ഏറ്റവും വലിയ ഗ്രാമപഞ്ചായത്ത് വാർഡായ ആറളം ഫാം വാർഡിൽ 1400 ഓളം കുടുംബങ്ങളിലായി നാലായിരത്തിലധികം വോട്ടർമാരുണ്ട്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പശ്ചാത്തല വികസന പദ്ധതികൾ പൂർത്തിയാക്കപ്പെടുന്നതോടെ 3375 കുടുംബങ്ങളെ ഈ മേഖലയിലേക്ക് പുനരധിവസിപ്പിക്കാനും TRDM വിഭാവനം ചെയ്യുന്നുണ്ട്. അങ്ങിനെ വരുമ്പോൾ, വളയംചാൽ പാലത്തിന്റെ ഗുണഭോക്താക്കളുടെ എണ്ണം പതിനായിരത്തോളം വരും.

**<u>ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം</u>**

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽപ്പെട്ട കേളകം വില്ലേജിൽ, ചീങ്കണ്ണി പുഴയ്ക്ക് കുറുകെ വളയംചാൽ പാലം നിർമ്മിക്കുന്നതിനായി കേളകം അംശം ദേശത്തിൽപ്പെട്ടതും, ഈ പദ്ധതിക്കായി ഏറ്റെടുക്കാനുദ്ദേശിക്കുന്നതുമായ സ്വകാര്യ വ്യക്തിയുടെ ഭൂമി സംബന്ധിച്ച വിവരം താഴെ കൊടുത്തിരിക്കുന്നു.



| ക്രമ നമ്പർ | സർവ്വേ നമ്പർ | വിസ്തീർണ്ണം |
|---|---|---|
| 1 | KPD 69 | 0.0809 H (20 സെന്റ്) |

## <u>പകരം ഭൂമി ലഭ്യത</u>

ഈ ഭൂമി ഏറ്റെടുക്കാനുദ്ദേശിക്കുന്നത്, ചീങ്കണ്ണി പുഴയ്ക്ക് കുറുകെ ഒരു പാലം നിർമ്മിക്കുന്നതിനാണ്. പുഴയുടെ തെക്ക് ഭാഗത്തായാണ് ഈ സ്ഥലം ഉള്ളത്. വടക്ക് ഭാഗത്ത് ആറളം ആദിവാസി പുനരധിവാസ മേഖലയാണ്. തെക്ക ഭാഗത്ത് കണിച്ചാർ-വളയംചാൽ റോഡ് മുതൽ പുഴക്കരയിലുള്ള ആനമതിലിനു സമീപത്ത് വരെയുള്ള സ്ഥലത്തിനും ഇടയിലായിട്ടാണ് ഈ 20 സെന്റ് സ്ഥലം സ്ഥിതി ചെയ്യുന്നത്. ഇത് സ്വകാര്യ വ്യക്തിയുടേതാണ്. ഭൂവുടമ ശ്രീ കളപുരയ്ക്കൽ തോമസ്, ഈ പദ്ധതിക്കായി ഭൂമി വിട്ടു നൽകാനായി സന്നദ്ധത അറിയിച്ചിരിക്കുന്നു. പാലത്തിന്റെ സമീപന റോഡ് നിർമ്മിക്കപ്പെടേണ്ടത് ഭാഗത്ത് കണിച്ചാർ- വളയംചാൽ റോഡിൽ നിന്നാണ്. കാര്യമായ ചമയങ്ങൾ ഒന്നുമില്ലാത്തതും ഈ പദ്ധതിക്കായി ഏറ്റവും അനുയോജ്യമായിട്ടുള്ളതും ഈ സ്ഥലം തന്നെയാണ്. അതിനാൽ തന്നെ പകരം ഭൂമി ലഭ്യത പരിഗണിക്കേണ്ടതില്ല.

## <u>ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ</u>

ചീങ്കണ്ണി പുഴയ്ക്ക് കുറുകെ, ആറളം ആദിവാസി പുനരധിവാസ മേഖലയെയും വന്യമൃഗ സംരക്ഷണ കേന്ദ്രത്തെയും വളയംചാലുമായി ബന്ധിപ്പിക്കുന്നതിനാണ് ഇരിട്ടി താലൂക്കിലെ കേളകം വില്ലേജിൽപ്പെടുന്ന KPD 69 ലെ 0.0809 ഹെക്ടർ സ്ഥലത്ത് (20 സെന്റ്) ഏറ്റെടുക്കാനുദ്ദേിക്കുന്നത്. ഇത് പുരയിടം വിഭാഗത്തിൽപ്പെടുന്നതാണ്. ആദിവാസി മേഖലയുടെ സമഗ്ര വികസനത്തിന് പൊതുവെയും വളയംചാൽ, ആറളം പ്രദേളങ്ങളിലെ വിവിധ സ്കൂളുകളിലേക്കും, ആറളം ഹോമിയോപ്പതി ആശുപത്രിയിലേക്കും, കണിച്ചാർ, മണത്തണ എന്നീ സ്ഥലത്തുള്ള സ്കൂളുകളിലേക്കും നിരവധികുട്ടികളടക്കം നാട്ടുകാർക്ക് പ്രത്യേകിച്ചും ഉപകരിക്കുന്നതിനായാണ് ഇവിടെ പാലം പണിയാൻ ഉദ്ദേശിക്കുന്നത്. ഇവിടെ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാധികാരി കേരള സർക്കാരിന്റെ കീഴിലുള്ള പട്ടിക

വർഗ്ഗ വകുപ്പിന്റെ ഡയറക്ടറാണ്. ഭൂമി ഏറ്റെടുക്കുന്നതിന്റെ നടപടി ക്രമങ്ങൾ സ്വീകരിക്കുന്നത് കണ്ണൂർ ജില്ലാ കളക്ടറുമാണ്. കൂടാതെ ഈ പദ്ധതിക്കായി തുക വിനിയോഗിക്കുന്നത് നബാർഡിന്റെ 22 പ്രൊജക്ടാണ് (1995-96 ൽ റിസർവ്വ് ബാങ്ക്, നബാർഡിൽ രൂപീകരിച്ച Rural InfrastructureDevelop Fund ആണ് ഇത്). അതുപോലെ തന്നെ ഈ പദ്ധതിയുടെ നിർമ്മാണ ചുമതല കേരള ഇൻഡസ്ട്രിയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ എന്ന (KITCO) പൊതുമേഖല സ്ഥാപനത്തിനാണ്. ഇതിനൊക്കെ പുറമെ ഈ പാലത്തിന്റെ ഗുണഭോക്താക്കൾ ആറളം, കേളകം ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരായ പ്രദേശവാസികൾക്കും, പുനരധിവാസ മേഖലയിലെ ആദിവാസി സമൂഹത്തിനുമാണ്. ഈ സാഹചര്യത്തിൽ, ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിന് തന്നെയാണെന്ന് വ്യക്തമാക്കുന്നു.

<u>ഭൂമിയുടെ സ്വഭാവം</u>



വളയംചാൽ പാലത്തിന്റെ നിർമ്മാണത്തിനും സമീപന റോഡിനുമായികേളകം വില്ലേജിലെ KPD 69 ലെ 0.0809 ഹെക്ടർ (20 സെന്റ്) സ്വകാര്യ വ്യക്തിയുടെ ഭൂമിയാണ് ഏറ്റെടുക്കപ്പെടേണ്ടിയിരിക്കുന്നത്. ഇത് പുരയിടം വിഭാഗത്തിലാണ് പെടുത്തിരിക്കുന്നത്. പ്രഥമ ദൃഷ്ട്യാ തോട്ടം വിഭാഗത്തിൽപ്പെടുന്ന ഭൂമി പോലെയാണ്. ഈ ഭൂമി കണിച്ചാർ-വളയംചാൽ റോഡിനും, ചീങ്കണ്ണി പുഴയുടെ സമീപത്തായി നിർമ്മിച്ചിരിക്കുന്ന ആനമതിലിന് സമാന്തരമായിട്ടുള്ള സർക്കാർ ഭൂമിക്കും ഇടയിലായി കിടക്കുന്ന പ്രദേശമാണ്. അല്പം റബ്ബർ മരങ്ങളും, തെങ്ങുകളും , കവുങ്ങുകളുമാണ് ഈ പറമ്പിലുള്ളത്. നിലവിൽ കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിലുള്ള ഭക്ഷ്യ

സരക്ഷ പദ്ധതി പ്രകാരം ചെറിയ തോതിൽ ഇടവിള പോലെ കപ്പ കൃഷി നടത്തുന്ന തിനായി കമ്പുകൾ നട്ട് വെച്ചിട്ടുണ്ട്.

**ഭൂമിയുടെ ഉടമ**

| ക്രമ നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം |
|---|---|---|
| 1 | കളപുരയ്ക്കൽ തോമസ് | 0.0809 (20 സെന്റ്) |

നിലവിലുള്ള തൂക്കുപാലത്തിന്റെ സമീപത്തായി ചീങ്കണ്ണി പുഴയ്ക്ക് കുറുകെ റോഡ് പാലം നിർമ്മിക്കുന്നതിനും അതിനുതകുന്ന സമീപന റോഡിനും വേണ്ടി യുമാണ് KPD 69 ഈ സ്ഥലം ഏറ്റെടുക്കപ്പെടേണ്ടിയിരിക്കുന്നത്.

**കൃഷികൾ**

ഈ പറമ്പിൽ ടാപ്പിംഗ് കാലാവധി തീരാറായ 10 റബ്ബർ മരങ്ങളും ഒരു തേക്കും, ഒരു കാട്ട് മരവും, മൂന്ന് തെങ്ങുകും, രണ്ട് കവുങ്ങുകളുമാണ് ഉള്ളത്. തെങ്ങും കവുങ്ങും കാര്യമായ കായ്ഫലങ്ങൾ ഇല്ലാത്തവയാണ്. നിലവൽ ഇവ കൂടാതെ സുഭിക്ഷ കേരലം പദ്ധതി പ്രകാരം ഇരുപത്തിയഞ്ചോളം മൂട് കപ്പ കൃഷിയും ആരംഭിച്ചിട്ടുണ്ട്. ഒരു കൃഷി ഭൂമിയുടെ നിർവ്വചനത്തിൽപ്പെടുത്താൻ പററുന്ന ഭൂമി യല്ല.

**സ്ഥാപനങ്ങൾ**

ഈ ഇരുപത് സെന്റ് സ്ഥലത്ത്, യാതൊരു തരത്തിലുള്ള സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ല. പുരയിടത്തിന്റെ നിർവ്വചനത്തിൽപ്പെടുന്ന തോട്ടം ഭൂമിയാണി ത്.

**സാമൂഹ്യാഘാത പഠന യൂണിറ്റിന്റെ ഘടന**

ഇരിട്ടി താലൂക്കിൽ കേളകം വില്ലേജിലെ KPD 69 ലെ 0.0809 ഹെക്ടർ (20 സെന്റ്) ഭൂമി നിർദ്ദിഷ്ട വളയംചാൽ പാലത്തിനും സമീപന റോഡിനുമായി ഏറ്റെടുക്കേണ്ട

തിലേക്ക് , 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും , സുതാര്യതയ്ക്കും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, സാമൂഹ്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ, കഴിഞ്ഞ 20 വർഷങ്ങളായി കണ്ണൂർ, കാസർഡോഡ് റവന്യൂ ജില്ലകളിൽ മികച്ച നിലയിൽ പ്രവർത്തിച്ചു വരികയും, സർക്കാരിനും നബാർഡിനും പശ്ചിമഘട്ട വികസന പദ്ധതിക്കും വേണ്ടി പ്രവർത്തിച്ച Track A NGO ആയ 'കയ്റോസ്' (Kannur Association for Integrated RuralOrganization & Support)കണ്ണൂരിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കണ്ണൂർ ജില്ലാ കളക്ടറുടെ 18.06.2020 ലെ DCKNR /12931/2019 -C8 നമ്പർ നടപടി ക്രമപ്രകാരമാണ് ഈ ചുമതല നൽകപ്പെട്ടിരിക്കുന്നത്. കൂടാതെ ഇത് സംബന്ധിച്ച് ഔദ്യോഗിക വിജ്ഞാപനം 2020 ജൂൺ 24 ലെ 1571-ാം നമ്പർ അസാധാരണ ഗസറ്റിൽ ആധികാരികമായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | ശ്രീ. ഷൈജു പീറ്റർ (സോഷ്യോളജിസ്റ്റ്) | ചെയർമാൻ |
| 2 | ശ്രീ കെ വി ചന്ദ്രൻ(റിട്ട. ഫിഷറി ഡവ. ഓഫീസർ) | മെമ്പർ |
| 3 | ശ്രീമതി ജെസി റെജി (ഡി.റ്റി.പി ഓപ്പറേറ്റർ). | മെമ്പർ |
| 4 | ശ്രീ പ്രസാദ് | ഓഫീസ് അസിസ്റ്റന്റ് |

**<u>പഠനോപാധികൾ</u>**

വളയംചാൽ ചീങ്കണ്ണി പുഴയ്ക്ക് കുറുകെയുണ്ടായിരുന്ന തൂക്കുപാലം 2019 ലെ പ്രകൃതി ക്ഷോഭത്തിൽ പൂർണ്ണമായും തകർന്ന് പോകുകയും, തുടർന്ന് നിർമ്മിക്കപ്പെട്ട തൂക്കു പാലത്തിന് പകരമായി ഒരു റോഡ് പാലം നിർമ്മിക്കുന്നതിനായും, അതിനുള്ള സമീപന റോഡിനുമായാണ് കേളകം വില്ലേജിലെ KPD 69 ലെ 0.0809 ഹെക്ടർ (20 സെന്റ്) സ്വകാര്യ വ്യക്തിയുടെ കൈവശഭൂമിയാണ് ഏറ്റെടുക്കപ്പെടേണ്ടിയിരിക്കുന്നത്. ഇത് കണിച്ചാർ- വളയംചാൽ റോഡിൽ നിന്നും ഉയർന്ന് നിൽക്കുന്ന തോട്ടം ഭൂമിയാണ്. ഈ പറമ്പിൽ അല്പം റബ്ബർ മരങ്ങളും തെങ്ങും കവുങ്ങും കൂടാതെ, ഇപ്പോൾ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നട്ട കപ്പതൈകളുമാണ് ഉള്ളത്. ഇവയ്ക്ക് ഒരു മാസത്തെ വളർച്ചയുമാണുള്ളത്. ഈ സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ച് മുന്നേ പരാമർശിച്ചിട്ടുണ്ടല്ലോ.



ഏറെ പ്രധാന്യമുള്ള ഒരു പാലം നിർമ്മാണത്തിനായതിനാൽ തന്നെ Participatory Observation, Beneficiary assessment എന്നീ ടൂളുകൾ ഉപയോഗിച്ചാണ് പഠനം നടത്തിയത് എന്ന് വ്യക്തമാക്കുന്നു. കൂടാതെ മറ്റ് ആഘാതങ്ങളെക്കുറിച്ച് നേരിൽ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്.

**<u>പൊതുഅവകാശവാദം കേൾക്കൽ</u>**

പരാമർശിക്കപ്പെട്ട, സ്വകാര്യ വ്യക്തിയുടെ ഭൂമി ഏറ്റെടുക്കുന്നത് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും , സുതാര്യതയ്ക്കും, പുനരധി



വാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിൽ അനുസൃതമായതിനാൽ ഭൂഉടമയുടെയും മറ്റ് തൽപരകക്ഷികളുടെയും അഭിപ്രായങ്ങളും മറ്റും ആരായുന്നതിനായി 2020 ജൂലൈ മാസം 17-ാം തീയ്യതി രാവിലെ 11.30 ന് വളയംചാൽ കിറ്റ്കൊ ഓഫീസിൽ വച്ച് പൊതുകേൾക്കലിനായി ഒരു യോഗം വിളിച്ച് ചേർത്തിരുന്നു.

പ്രസ്തുത യോഗത്തിൽ ഭൂവുടമയായ കളപ്പുരയ്ക്കൽ തോമസിന്റെ പ്രതിനിധിയായ മകൻ ജോഷി തോമസിനെ കൂടാതെ കിറ്റ്കോ പ്രൊജക്റ്റ് എഞ്ചിനീയർ, പ്രൊജക്റ്റ് സ്പെസിഫിക് എഞ്ചിനീയർ, TRDM സൈറ്റ് മാനേജർ, വെസ്റ്റ് കൺസ്ട്രക്ഷൻ പ്രൊജക്റ്റ് മാനേജർ, അസി പ്രൊജക്റ്റ് മാനേജർ എന്നിവരും പങ്കെടുത്തിരുന്നു. 'കയ്റോസ്' SIAS യൂണിറ്റ് അംഗം ശ്രീ. കെ.വി. ചന്ദ്രൻ യോഗത്തിൽ; പങ്കെടുത്തവരെ സ്വാഗതം ചെയ്തുകൊണ്ട് യോഗത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദീകരിച്ചു. തുടർന്ന് ശ്രീ ജോഷി തോമസ്, ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 20 സെൻറ് സ്ഥലം വിട്ടു നല്കാൻ തയാറാണെന്നു അറിയിച്ചു. എന്നാൽ അച്ഛനും അമ്മയും ഏഴു മക്കളുമടങ്ങുന്ന കുടുംബത്തിൽ കുറച്ചു സ്ഥലം മാത്രമാണ് ഉള്ളതെന്നും ഏറെ സാമ്പത്തിക പ്രയാസം അനുഭവിക്കുന്നവരാകയാൽ സ്ഥലത്തിന് ന്യായമായ വില ലഭിക്കണം. ഇവിടെ നിലവിൽ സെന്റിന് ഒരു ലക്ഷം രൂപ വിപണിമൂല്യമുണ്ടെന്നും അറിയിച്ചു.



പങ്കെടുത്ത ഉദ്യോഗസ്ഥരും ഇതുമായി ബന്ധപെട്ടു സംസാരിച്ചു. യോഗം 12:30 നു അവസാനിച്ചു.

ഈ വിഷയത്തിൽ പ്രത്യേകമായി അഭിപ്രായം ആവശ്യമില്ല എന്നിരുന്നാലും ഭൂവുടമയുടെ മകൻ ശ്രീ ജോഷി തോമസിന്റെ നിർദേശം അർത്ഥനാധികാരിയായ പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് 18.07.2020 നു തന്നെ ഇമെയിലായി അറിയിച്ചിരുന്നു. പകർപ്പ് ജില്ലാ ആഫീസർക്കും നൽകിയിരുന്നു.

**<u>പദ്ധതിയുടെ സാമൂഹ്യ ആഘാതങ്ങൾ</u>**

1. <u>തൊഴിലിന് ഉണ്ടാകുന്ന ആഘാതം</u> - വളയംചാൽ പാലം നിർമ്മാണത്തിനും സമീപന റോഡിനുമായി 20 സെന്റ്, സ്വകാര്യ വ്യക്തിയുടെ ഭൂമിയാണല്ലോ ഏറ്റെടുക്കുന്നത്. ഈ ഭൂമിയെ ആശ്രയിച്ച ആരും തന്നെ സ്ഥിരമായി തൊഴിലിൽ ഏർപ്പെടുന്നില്ല.

2. <u>വരുമാനത്തിനുള്ള ആഘാതം</u> - കളപുരയ്ക്കൽ തോമസിന്റെ ഉടമസ്ഥതയിലുള്ള ഈ 20 സെന്റ് സ്ഥലത്ത് വരുമാനം ലഭിക്കാനുള്ള കാലപരിധി കഴിയാറായ 10 റബ്ബർ മരങ്ങളും ഒരു തേക്ക് മരവും, ഒരു കാട്ട് മരവും, മൂന്ന് തെങ്ങുകളും മൂന്ന് കവുങ്ങുകളുമാണ് ഉള്ളത്. തെങ്ങിലും കവുങ്ങിലും കാര്യമായ കായ്ഫലമൊന്നും ഇല്ല. ഇത് കൂടാതെ ഇവിടെ ഉള്ളത് സർക്കാരിന്റെ പുതിയ ആശയമായ 'സുഭിക്ഷ കേരളം' പദ്ധതി പ്രകാരം നട്ടിരിക്കുന്ന കപ്പ കൃഷിയാണ്. ഏകദേശം മുപ്പതോളം കപ്പ മൂടുകൾ ഉണ്ട്. ഈ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ അവസാനിച്ച് പണി തുടങ്ങാറാകുമ്പോഴേക്കും, ഈ ഹ്രസ്വകാല വിളവിന്റെ ഫലം അനുഭവിക്കാനാകും. പൊതുവെ നോക്കുകയാണെങ്കിൽ ഈ സ്ഥലം ഏറ്റെടുപ്പ് തോമസിന്റെ വരുമാനത്തിന് ആഘാതം ഉണ്ടാക്കുന്നില്ല. മാത്രവുമല്ല തോമസിന്റെ ഉപജീവന മാർഗ്ഗം, ഈ സ്ഥലത്തിനടുത്തു തന്നെ റോഡിനോട് ചേർന്ന് കിടക്കുന്ന ഒരു കടയാണ്. ഈ സ്ഥലം ഏറ്റെടുക്കൽ വരുമാനത്തിന് ആഘാതമുണ്ടാക്കുന്നില്ല.

**<u>പരിസ്ഥിതിക്കുള്ള ആഘാതം</u>**

ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം, നേരത്തെ വ്യക്തമാക്കിയതുപോലെ കണിച്ചാർ– വളയംചാൽ റോഡിനും, ചീങ്കണ്ണിപുഴയ്ക്ക് തെക്ക് ഭാഗത്തായി നിർമ്മിച്ച ആനമതിലിനും ഇടയിലായിട്ടുള്ള പ്രദേശമാണ്. അല്പം റബ്ബറും തെങ്ങും കവുങ്ങും മാത്രമുള്ളതാണ് ഈ സ്ഥലം. ഇടതൂർന്ന വന പ്രദേശമോ മറ്റ് പാരിസ്ഥിതിക പ്രാധാന്യമോ ഉള്ള സ്ഥലമല്ല. ഈ സ്ഥലം ഏറ്റെടുക്കുന്നത് കൊണ്ട് പരിസ്ഥിതിക്ക് യാതൊരു തരത്തിലുള്ള ആഘാതങ്ങളും ഉണ്ടാകുന്നില്ല എന്നറിയിക്കുന്നു

**<u>പൊതു ഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ആഘാതം</u>**

ഏറ്റെടുക്കാനുദ്ദേശിക്കുന്നതും സ്വകാര്യ വ്യക്തിയുടെ കൈവശത്തിലുള്ളതുമായ ഈ 20 സെന്റ് സ്ഥലത്തിൽ പൊതു ഇടങ്ങളോ സ്ഥാപനങ്ങളോ ഇല്ല. അതിനാൽ തന്നെ ഈ സ്ഥലം ഏറ്റെടുക്കുന്നത് കൊണ്ട് പൊതു ഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ ആഘാതമുണ്ടാകുന്നില്ല എന്നറിയിക്കുന്നു.

പൊതുവെ നോക്കുകയാണെങ്കിൽ, ആറളം ആദിവാസി പുനരധിവാസ മേഖലയുടെയും, വന്യമൃഗ സംരക്ഷണ മേഖലയിലേക്കുള്ള പഠന, വിനോദ യാത്രയടക്കമുള്ള ഭാവി വികസന പദ്ധതികൾക്ക് ഏറെ ഗുണകരമാകുന്ന വളയംചാൽ പാല നിർമ്മാണത്തിനും സമീപന റോഡിനുമായി ഈ സ്ഥലം ഏറ്റെടുക്കുന്നത്കൊണ്ട് തൊഴിലിനോ, വരുമാനത്തിനോ, പരിസ്ഥിതിക്കോ, പൊതു ഇടങ്ങൾക്കോ സ്ഥാപനങ്ങൾക്കോ യാതൊരു തരത്തിലുള്ള ആഘാതങ്ങളും ഉണ്ടാകുകയില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു ഈ സ്ഥലമെടുപ്പ് പ്രക്രിയ ത്വരിത ഗതിയിൽ തന്നെ മുന്നോട്ട് കൊണ്ടുപോകാമെന്ന് ശുപാർശ ചെയ്യുന്നു.

**31.07.2020** **ചെയർമാൻ**

**സാമൂഹ്യാഘാത പഠന യൂണിറ്റ്**
**(കയ്റോസ്, കണ്ണൂർ)**